"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോട്ടയം നഗരസഭ വക ജൂബിലി പാർക്കിനോടനുബന്ധിച്ച് നഗരസഭ വക സ്ഥലത്ത് 30 വർഷം ലീസ് വ്യവസ്ഥയിൽ മൽത്സ്യഫെഡുമായി കരാറിൽ എർപ്പെട്ടുകൊണ്ട് സ്ഥാപിച്ചിട്ടുള്ള ഫിഷ് അക്വേറിയത്തിനോട് ചേർന്ന് സീഫുഡ് കഫേ ആരംഭിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.478/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:-

1. 01.02.2008 തിയതിയിലെ സ ഉ (സാധാ) നമ്പർ 339/2008/തസ്വഭവ ഉത്തരവ്
2. കോട്ടയം നഗരസഭ കൗൺസിലിന്റെ 04/10/2021-ലെ 136-ാം നമ്പർ തീരുമാനം
3. മത്സ്യഫെഡ് മാനേജിങ് ഡയറക്ടറുടെ 02/11/2024 തീയതിയിലെ M fed/3/2024-Aqua നമ്പർ കത്ത്
4. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 07/12/2024- ലെ DFTVM/3689/2024 - F3 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിൽ നാഗമ്പടത്ത്, കോട്ടയം നഗരസഭ വക ജൂബിലി പാർക്കിനോടനുബന്ധിച്ച് നഗരസഭ വക സ്ഥലത്ത് 30 വർഷം ലീസ് വ്യവസ്ഥയിൽ മൽത്സ്യഫെഡുമായി കരാറിൽ എർപ്പെട്ടുകൊണ്ട് ഫിഷ് അക്വേറിയം സജ്ജീകരിക്കുന്നതിനു അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സ്ഥലത്തു ഫിഷ് അക്വേറിയം കോട്ടയം നഗരസഭയും മത്സ്യഫെഡും ചേർന്നുള്ള സംയുക്ത സംരംഭമായി 2008 മുതൽ പ്രവർത്തിച്ചു വരുന്നു. 2018 പ്രളയത്തെ തുടർന്ന് പ്രവർത്തനരഹിതമായിരുന്ന അക്വേറിയം നവീകരിക്കുന്നതിനും അതിനോട് ചേർന്ന് എല്ലാ രീതിയിലുമുള്ള ഭക്ഷണങ്ങളും ലഭ്യമാകുന്ന ഒരു മോഡൽ കഫ്റ്റീരിയ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് മത്സ്യഫെഡിന്റെ അഭ്യർത്ഥന പ്രകാരം കോട്ടയം നഗരസഭ പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. നഗരസഭ വക സ്ഥലം അക്വേറിയത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിച്ചാൽ സ്ഥലവും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും മത്സ്യഫെഡിന്റെ ഉത്തരവാദിത്വത്തിൽ നഗരസഭ തിരിച്ചെടുക്കുന്നതാണ് എന്ന വ്യവസ്ഥയോട് കൂടിയാണ് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അക്വേറിയം നവീകരിക്കുന്നതിനും അതിനോട് ചേർന്ന് എല്ലാ രീതിയിലുമുള്ള ഭക്ഷണങ്ങളും ലഭ്യമാകുന്ന ഒരു മോഡൽ കഫ്റ്റീരിയ

നിർമ്മിക്കുന്നതിനും പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്യണം എന്ന് മത്സ്യഫെഡ് മാനേജിങ് ഡയറക്ടറുടെ പരാമർശം (3) കത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടയം ജില്ലയിൽ നാഗമ്പടത്ത്, കോട്ടയം നഗരസഭ വക ജൂബിലി പാർക്കിനോടനുബന്ധിച്ച് നഗരസഭ വക സ്ഥലത്ത് 30 വർഷം ലീസ് വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡുമായി കരാറിൽ എർപ്പെട്ടുകൊണ്ട് സ്ഥാപിച്ചിട്ടുള്ള ഫിഷ് അക്വേറിയം നവീകരിക്കുന്നതിനും അതിനോട് ചേർന്ന് എല്ലാ രീതിയിലുമുള്ള ഭക്ഷണങ്ങളും ലഭ്യമാകുന്ന ഒരു മോഡൽ കഫ്റ്റീരിയ നിർമ്മിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
JOINT SECRETARY

ചെയർപേഴ്സൺ /സെക്രട്ടറി, കോട്ടയം നഗരസഭ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, ഫിഷറീസ്
മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1 /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
മത്സ്യബന്ധനവും തുറമുഖവും (എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

Signed by
Manish V V
Date: 16-02-2025 14:52:31

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
ബഹു. ബഹു.മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രിയുടെ പി എസ് ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്